**പൊതുമരാമത്ത് വകുപ്പ് ചീഫ്എഞ്ചിനീയറുടെ (ഭരണവിഭാഗം, തിരുവനന്തപുരം) നടപടിക്രമം**

വിഷയം- ജീവനക്കാര്യം- പൊ.മ.വ - മൂന്നാം ഗ്രേഡ് ഓവർസിയർ ശ്രീ. ജെ. പ്രഭാകരൻ പിള്ളയെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നത് - സംബന്ധിച്ച്.

സൂചന- 1. 7-11-2012 ലെ ഉത്തരവ് നമ്പർ എസ് സി4/18334/06
2. 14-12-2015- ലെ കത്ത് നമ്പർ A1/325/96.
3. 28/03/2016-ലെ നോട്ടീസ് നമ്പർ എസ് സി4/21593/16.

**ഉത്തരവ് നമ്പർ എസ് സി 4/21593/15 തീയതി 21/05/2016**

സൂചന (2) ലെ കത്തിലൂടെ പൊതുമരാമത്ത് വകുപ്പ്, റോഡ്സ് സബ് ഡിവിഷൻ, പുനലൂരിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ, ടി ഓഫീസിലെ മൂന്നാം ഗ്രേഡ് ഓവർസിയറായ ശ്രീ. ജെ. പ്രഭാകരൻ പിള്ളയെ സൂചന (1) പ്രകാരം പ്രസിദ്ധീകരിച്ച മൂന്നാം ഗ്രേഡ് ഓവർസിയർമാരുടെ 01-04-1990 മുതൽ 31-12-2007 വരെയുള്ള അന്തിമ സീനിയോറിട്ടി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിലേയ്ക്കായി ടിയാന്റെ നിവേദനവും സേവനവിവരങ്ങളും നിയമന നിർദ്ദേശ ഉത്തരവിന്റെ പകർപ്പും ലഭ്യമാക്കിയിട്ടുണ്ട്.

തുടർ പരിശോധനയിൽ ടിയാൻ കേരളാ പബ്ലിക് സർവ്വീസ് കമ്മീഷന്റെ 28-01-1993 ലെ നിയമനനിർദ്ദേശ നമ്പർ RIA(3)/14143/90/GW ൽ നൂറ്റി ഒൻപതാം (109) നമ്പറായി ഉൾപ്പെട്ടിട്ടുള്ളതും പൊതുമരാമത്ത് വകുപ്പ്, ഭരണവിഭാഗം, ചീഫ് എൻജിനീയറുടെ 27-02-1993-ലെ നിയമന ഉത്തരവ് നമ്പർ EB5/11289/93 പ്രകാരം മൂന്നാം ഗ്രേഡ് ഓവർസിയറായി നിയമനം ലഭിച്ചിട്ടുള്ളതും, ടിയാൻ 22-03-1993-ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളതുമാകുന്നു. ടിയാന്റെ പരിവീക്ഷാകാലം 31/07/1996-ലെ ഉത്തരവ് നമ്പർ EB5/23990/96 പ്രകാരം 22/03/1995 മുതൽ മുൻകാലപ്രാബല്യത്തോടെ പൂർത്തീകരിച്ചിട്ടുള്ളതുമാകുന്നു.

ടി വിവരങ്ങളുടെ അടിസ്ഥാനത്തിൽ മൂന്നാം ഗ്രേഡ് ഓവർസിയർ ശ്രീ. ജെ. പ്രഭാകരൻ പിള്ളയെ സൂചന (1) പ്രകാരമുള്ള മൂന്നാം ഗ്രേഡ് ഓവർസിയർമാരുടെ 01-04-1990 മുതൽ 31-12-2007 വരെയുള്ള അന്തിമ സീനിയോറിട്ടി ലിസ്റ്റിൽ റാങ്ക് നമ്പർ 134 (a) എന്ന് നിശ്ചയിച്ച് ശ്രീ.ആർ. പ്രകാശിന്റെയും (റാങ്ക് നമ്പർ 134) ശ്രീ വി.ജയപ്രകാശിന്റെയും (റാങ്ക് നമ്പർ 135) മദ്ധ്യേ ഉൾപ്പെടുത്തുവാൻ തീരുമാനിക്കുകയും ടി വിവരം സൂചന (3) പ്രകാരമുള്ള നോട്ടീസിലൂടെ വകുപ്പ് ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിയ്ക്കുകയും പരാതികളോ ആക്ഷേപമോ ഉള്ള ജീവനക്കാർക്ക് ആയത് സമർപ്പിക്കുന്നതിന് രണ്ടാഴ്ച സമയം അനുവദിച്ചിട്ടുള്ളതുമാകുന്നു. എന്നാൽ നാളിതുവരെ യാതൊരു പരാതിയും ലഭിച്ചിട്ടില്ലാത്തതിനാൽ ടി തീരുമാനം ഇതിനാൽ അന്തിമമായി കൈക്കൊള്ളുന്നു.

| റാങ്ക് നമ്പർ | പേര് | ജനന തീയതി | വിദ്യാഭ്യാസ യോഗ്യത | സർക്കാർ ഉത്തരവ് നമ്പരും തീയതിയും | നിയമന ഉത്തരവ് | സർവ്വീസിൽ പ്രവേശിച്ച തീയതി |
|---|---|---|---|---|---|---|
| 134 (a) | ജെ.പ്രഭാകരൻ പിള്ള | 25/05/1966 | SSLC, KGCE Civil Engg. | RIA(3)/14143/90/GW dtd28-01-1993 | EB5/11289/93 dtd 27-02-1993 | 22-03-93 |

ഒപ്പ്
ചീഫ് എഞ്ചിനീയർ
ഭരണവിഭാഗം

സ്വീകർത്താവ്

മേലധികാരി മുഖേന വ്യക്തിക്ക്

പകർപ്പ്

ഐറ്റി.സെൽ/ഇബി 5 സെക്ഷൻ/ സ്റ്റോക്ക്/സ്പെയർ

ഉത്തരവിൻപ്രകാരം
അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്